## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 366** **10.06.2014-ൽ മറുപടിയ്ക്ക്**

## ആർ. ജി. ജി. വി. വൈ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആദിവാസി കോളനികളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പദ്ധതികളുണ്ടോ ; | (എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരമുള്ള പദ്ധതികൾ ഇടുക്കി ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതു വഴി ഈ ജില്ലകളിലെ ആദിവാസി കോളനികൾ ഉൾപ്പെടെയുള്ള ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കപ്പെടുന്നതാണ്. ഇടുക്കി ജില്ലയിൽ ആർ. ജി. ജി. വി. വൈ പദ്ധതി പത്താം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിരുന്നു. |
| (ബി) ഏറനാട് മണ്ഡലത്തിൽ ഉൾപ്പെട്ട ഏതെല്ലാം ആദിവാസി കോളനികളെ ആർ. ജി. ജി. വി. വൈയിൽ ഉൾപ്പെടുത്തി വൈദ്യുതീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) ഏറനാട് മണ്ഡലത്തിൽ ഉൾപ്പെട്ട വേങ്ങാട് പട്ടിക വർഗ്ഗ കോളനിയും, കണ്ടിലപ്പാറ പട്ടിക വർഗ്ഗ കോളനിയും ആർ.ജി.ജി.വി.വൈ യിൽ ഉൾപ്പെടുത്തി വൈദ്യുതീകരിച്ചിട്ടുണ്ട്. |
| (സി) ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത ഏറനാട് മണ്ഡലത്തിലെ ആദിവാസി പ്രദേശങ്ങളിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ വൈദ്യുതീകരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) പ്രസ്തുത മണ്ഡലത്തിൽ ഇുപ്പിക്കാട് കോളനിയിലും ചീങ്കണ്ണി പാലി കോളനിയിലും വൈദ്യുതീകരണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. തായാടം പൊയിൽ എസ്.ടി കോളനിയുടെയും, പ്ലാക്കൽ ചോല എസ്.ടി കോളനിയുടെയും വൈദ്യുതീകരണ പ്രവൃത്തിക്കുള്ള പ്രാരംഭ നടപടികൾ ആയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.